പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2746 | 10.07.2015 ലെ മറുപടിയ്ക്ക്

## കർഷക കടാശ്വാസ കമ്മീഷൻ അപേക്ഷകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി.കെ.എസ്.സലീഖ | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) കർഷക കടാശ്വാസ കമ്മീഷന്റെ കൈയിൽ നാളിതുവരെ എത്ര അപേക്ഷകൾ ലഭിച്ചു ; ആയതിൽ എത്ര എണ്ണം തീർപ്പാക്കി ; ഇനി എത്ര അപേക്ഷകൾ തീർപ്പാക്കാനുണ്ട് ; വ്യക്തമാക്കുമോ ; | (എ) സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ മുമ്പാകെ നാളിതു വരെ 4,33,682 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അതിൽ 3,87,674 അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്. 46,008 അപേക്ഷകൾ തീർപ്പാക്കുവാൻ അവശേഷിക്കുന്നു. |
| (ബി) കർഷക കടാശ്വാസ കമ്മീഷന്റെ നിർദ്ദേശത്തെ തുടർന്ന് ഈ സർക്കാർ കാലയളവിൽ നാളിതുവരെ എത്ര തുക കർഷകർക്ക് നൽകി ; ജില്ല തിരിച്ച് വ്യക്തമാക്കുമോ ; | (ബി) കർഷക കടാശ്വാസ കമ്മീഷൻ ശിപാർശ പ്രകാരം ഈ സർക്കാരിന്റെ കാലയളവിൽ 15-06-2015 വരെ 69,69,47,139/- രൂപ കടാശ്വാസമായി ബന്ധപ്പെട്ട സഹകരണ സംഘങ്ങൾക്ക്/ബാങ്കുകൾക്ക് നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു. |

| ജില്ല | തുക(രൂപ) |
|---|---|
| തിരുവനന്തപുരം | 18,44,32,157 |
| കൊല്ലം | 1,56,37,088 |
| പത്തനംതിട്ട | 1,12,53,968 |
| ആലപ്പുഴ | 47,47,300 |
| കോട്ടയം | 1,03,90,921 |
| ഇടുക്കി | 14,40,15,109 |
| എറണാകുളം | 27,66,150 |
| തൃശ്ശൂർ | 91,22,450 |
| പാലക്കാട് | 3,69,14,275 |
| മലപ്പുറം | 2,92,65,562 |
| കോഴിക്കോട് | 5,83,54,064 |
| വയനാട് | 11,22,40,595 |
| കണ്ണൂർ | 4,37,93,569 |
| കാസർഗോഡ് | 3,40,13,931 |
| **ആകെ** | 69,69,47,139 |

(സി) കർഷകരെ സഹായിക്കുന്നതിനു പകരം അവരുടെ പ്രശ്നങ്ങൾ തീർപ്പാക്കാതെ നീട്ടിക്കൊണ്ടുപോകുന്ന പ്രവണത തടയുവാനും കർഷകരുടെ പ്രശ്നങ്ങൾ അടിയന്തരമായി പരിഹരിക്കാനുമായി എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(ഡി) കമ്മീഷന്റെ കൈവശം ലഭിച്ച അപേക്ഷകളിന്മേൽ തീർപ്പാക്കാനുള്ളവ സമയബന്ധിതമായി അതായത് അപേക്ഷ ലഭിച്ച് മൂന്ന് മാസത്തിനകം തീർപ്പാക്കാൻ അടിയന്തര നിർദ്ദേശം നൽകേണ്ടതുണ്ടെങ്കിൽ നിയമഭേദഗതിയ്ക്ക് ഉൾപ്പെടെ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

(സി) & (ഡി) കടബാധ്യത മൂലം ദുരിതത്തിലായ കർഷകർക്ക് ആശ്വാസം നൽകുന്നതിനു വേണ്ടി, ന്യായനിർണ്ണയം നടത്തി അവാർഡുകൾ പാസ്സാക്കുന്നതിനും മദ്ധ്യസ്ഥതയിലൂടെയും അനുരഞ്ജനത്തിലൂടെയും അത്തരം കർഷകരുടെ സങ്കടങ്ങൾ പരിഹരിക്കുന്നതിന് ഉചിതമായ നടപടികൾക്ക് ശിപാർശ നൽകുന്നതിനും വേണ്ടിയാണ് കർഷക കടാശ്വാസ കമ്മീഷൻ രൂപീകരിച്ചിട്ടുള്ളത്. കടാശ്വാസം ലഭിക്കുന്നതിനായി കർഷകർ നൽകിയിട്ടുള്ള അപേക്ഷകളിൽ കർഷകരെയും ബന്ധപ്പെട്ട സഹകരണ ബാങ്കിന്റെ പ്രതിനിധിയേയും കേട്ടതിനു ശേഷമാണ് കമ്മീഷൻ കടാശ്വാസം ശിപാർശ ചെയ്യുന്നത്. കമ്മീഷൻ ശിപാർശ ചെയ്യുന്ന കടാശ്വാസം ബജറ്റ് വിഹിതത്തിന്റെ ലഭ്യതയ്ക്കനുസൃതമായി അനുവദിച്ചു വരുന്നു. കമ്മീഷൻ മുമ്പാകെ നാളിതുവരെ ലഭിച്ചിട്ടുള്ള അപേക്ഷകളിൽ 90 ശതമാനത്തോളം തീർപ്പാക്കിയിട്ടുണ്ട്. ബാക്കിയുള്ളവ അടിയന്തിരമായി തീർപ്പാക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ**